(ബി) അവയിൽ എത്ര ക്ലാസുകൾക്ക് ഗ്രാൻറ് നൽകുന്നുണ്ട്;
(സി) ഗ്രാൻറ് നൽകാത്തതെന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൽ൯ ൭.
(ബി) ൧ ൦ ൭.
(സി) ഡൽ ൦.

മലയാളം സ്കൂൾ

൭ ൦. (൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തലപ്പള്ളി താലൂക്കിൽ പൈങ്കുളം വില്ലേജിൽ മലയാളം സ്കൂൾ എന്നാണ് ഗവണ്മെണ്ടിലേക്ക് ഏറ്റെടുത്തത്;

(ബി) ആ കാലത്തിനു മുമ്പുതന്നെ പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ഗവണ്മെണ്ടു് അറിഞ്ഞിരുന്നില്ലേ;

(സി) ഇപ്പോൾ കെട്ടിടത്തിനു അന്നത്തേതിൽ കൂടുതൽ ശോചനീയാവസ്ഥയാണെന്നറിവില്ലേ;

(ഡി) ഈ സംഗതിക്കു മന്ത്രിമാർ വിശേഷിച്ചു ഇപ്പോഴത്തെ മന്ത്രി അവർകൾ കൂടി സ്കൂൾ കെട്ടിടം സന്ദർശിച്ചിട്ടില്ലേ?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ർ—ൽ—ൽ ൽവ ൦–ൽ.
(ബി) ഉവ്വ്.
(സി) അറിയാം.
(ഡി) ഉവ്വ്.

ഗ്രാൻറ്

൭ൽ (൱) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കു് അപ്പുപ്പിള്ളയൂർ എലിമെൻററി സ്കൂളിനു് നമ്മുടെ ഗവണ്മെൻറു് ഗ്രാൻറ് കൊടുത്തു തുടങ്ങിയിട്ടു് എത്രകാലമായി, ഗ്രാൻറ വകയിൽ എത്രമാസത്തെ ബാക്കിയുണ്ടു്?

വിദ്യാഭ്യാസവു, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൧൯ ൫ ൦ ഏപ്രിൽ മാസം മുതൽക്കാണു് ഗ്രാൻറ കൊടുത്തു തുടങ്ങിയിട്ടുള്ളതു്. ഏപ്രിൽ മാസത്തെ ബിൽ പാസാക്കി പ്രീയോഡിറ്റിനു് അയച്ചപ്പോൾ കൂടുതൽ വിവരങ്ങൾക്കായി മടക്കി അയച്ചതിനാൽ ഈ സംഗതി ഇപ്പോൾ എഴുത്തു കുത്തിലിരിക്കുകയാണു്. മേയ് മാസം മുതലുള്ള എല്ലാ ബില്ലുകളും പാസാക്കി അയച്ചിട്ടുണ്ടു്. ഈ സ്കൂളിൽ പുതിയതായി നിയമിച്ചിട്ടുള്ള രണ്ടു അദ്ധ്യാപകന്മാരുടെ നിയമനം അംഗീകരിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ അവരുടെ ശമ്പളം കൊടുത്തിട്ടില്ല. അവരുടെ നിയമനം അംഗീകരിച്ചു ശമ്പളം കൊടുക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly